പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5202 — 30.06.2014-ൽ മറുപടിയ്ക്ക്

## തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണത്തിനായുള്ള പദ്ധതി സ്പോർട്സ് വകുപ്പിനുകീഴിൽ നടക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;<br>(സി) ഇതിനായി നിലവിൽ എത്ര രൂപ വീതം ഏതൊക്കെ ഇനങ്ങളിലാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;<br>(ഡി) ഇതിൽ എത്ര തുകയുടെ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്ന് വിശദമാക്കാമോ ; | (ബി), (സി) & (ഡി) 2010-11 സാമ്പത്തികവർഷത്തെ ബജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെട്ട തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം നവീകരണ പദ്ധതിയ്ക്കായി 24.01.2011-ലെ സ.ഉ.(സാധാ)നം.19/11/കാ.യു.വ പ്രകാരം 2.5 കോടി രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. അതിനുശേഷം 15.12.2011-ലെ സ.ഉ.(സാധാ)നം.209/11/കാ.യു.വ പ്രകാരം പ്രസ്തുത ഒരു കോടി രൂപ തലശ്ശേരി, പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുവദിച്ച് നൽകുകയുണ്ടായി. ഇതോടൊപ്പം 04.02.2014-ൽ ബഹു.കായികവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനത്തെത്തുടർന്ന് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ്, ടി സ്റ്റേഡിയത്തിൽ ഒരു ബാസ്ക്കറ്റ്ബോൾ കോർട്ട് നിർമ്മിക്കുവാനായി തയ്യാറാക്കി സമർപ്പിച്ച 68,77,000/- രൂപയുടെ പ്രോജക്ടിന് 04.03.2014-ലെ സ.ഉ.(സാധാ)നം.52/14/കാ.യു.വ പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ മൊത്തം നവീകരണത്തിനായുള്ള പദ്ധതി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് തയ്യാറാക്കുമ്പോൾ പ്രസ്തുത ബാസ്ക്കറ്റ്ബോൾ കോർട്ട് ആയതിലുൾപ്പെടുത്തണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. തുടർന്ന് 31.03.2014-ലെ സ.ഉ.(സാധാ)നം.69/14/കാ.യു.വ പ്രകാരം തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം നവീകരണ പദ്ധതിയ്ക്കായി സർക്കാർ 1 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | നവീകരണ പ്രവൃത്തി എന്നാരംഭിച്ച് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ? | (ഇ) | പുതുക്കിയ ഭരണാനുമതി നൽകി കഴിഞ്ഞിട്ടില്ലാത്തതിനാൽ നവീകരണ പ്രവർത്തി പൂർത്തീകരിക്കേണ്ട സമയക്രമം സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ